LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയുള്ള ഫാർമസിസ്റ്റുകൾക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ ബി. ഫാം. ബിരുദ കേഴ്സിന് സീറ്റ് റിസർവേഷൻ

179 [1655] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡി.ഫാം യോഗ്യത യുള്ള ഫാർമസിസ്റ്റുകൾക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ ബി.ഫാം ബിരുദ കോഴ്സിന് സീറ്റ് റിസർവ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ബി.ഫാം കോഴ്സിന് പ്രവേശനം ലഭിക്കുന്ന ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലുള്ളവർക്കുള്ള പഠന കാലയളവിൽ ഡെപ്യൂട്ടേഷൻ തുടങ്ങി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) സർവീസിലിരിക്കെ ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ നിന്നും പ്രവേശന പരീക്ഷ എഴുതി ബി.ഫാം ബിരുദം നേടിയിട്ടുള്ളതും സർവീസിലുള്ളതുമായ ഫാർമസിസ്റ്റുകൾക്ക് ഉയർന്ന തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് എന്തെല്ലാം അവസരങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഡി.എച്ച്.എസി-ന് കീഴിലും ഡി.എം.ഇ.-യ്ക്ക് കീഴിലും ജോലി ചെയ്യുന്ന പ്രസ്തുത വിഭാഗം ഫാർമസിസ്റ്റുകൾക്ക് ഡി.എം.ഇ.-ക്ക് കീഴിലുള്ള ഫാർമസി കോളേജുകളിൽ ഫാർമസി ലക്ചറർ തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ സർവീസിലിരിക്കെ ബി.ഫാം യോഗ്യത നേടിയിട്ടുള്ളവർക്ക് ഫാർമസി ലക്ചറർമാരായി ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ;

(എഫ്) ഡി.എച്ച്.എസി-ന് കീഴിലോ ഡി.എം.ഇ.-യ്ക്ക് കീഴിലോ ജോലി ചെയ്തുവരുന്നതും ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടി ബി.ഫാം. ബിരുദം നേടിയിട്ടുള്ളവരുമായ ഫാർമസിസ്റ്റുകൾ ആർക്കെങ്കിലും ഇപ്രകാരം ഫാർമസി ലക്ചറർമാരായി നിയമനം നൽകിയിട്ടുണ്ടോ;

(ജി) ഇപ്രകാരം ലക്ചറർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ അപേക്ഷകളിൻമേൽ എന്തു തീരുമാനം എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ഐ) ഇല്ലെങ്കിൽ നിലവിലുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് ഫാർമസി ലക്ചറർ തസ്തികയിൽ പ്രത്യേക ഉത്തരവ് വഴി നിയമനം ലഭിക്കുന്നതിന് ആവശ്യ മായ നടപടി സ്വീകരിക്കുമോ;

(ജെ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി കോളേജുകളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(കെ) ഈ തസ്തികകളിലേക്കുള്ള നിയമനം ഏതു രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം/കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ ഓരോ സീറ്റു വീതം റിസർവ് ചെയ്തിട്ടുണ്ട്.

(ബി) പഠന കാലയളവ് എലിജിബിൾ ലീവ് ആയി പരിഗണിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ഉയർന്ന തസ്തികകളിലേക്ക് സീനിയോറിറ്റി പ്രമോഷനാണ് നിലവിലുള്ളത്.

(ഡി) ഇല്ല.

(ഇ) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഇത്തരം നിയമനങ്ങൾ നൽകുന്നതിന് നിർവാഹമില്ല.

(എഫ്) ഇല്ല.

(ജി) ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

(എച്ച് ആന്റ് ഐ) ഈ അപേക്ഷയിലെ ആവശ്യം പരിശോധിച്ചുവരുന്നു.

(ജെ) ഒഴിവുകൾ ഒന്നും തന്നെയില്ല.

(കെ) പി.എസ്.സി വഴിയാണ് നിയമനം നടത്തുന്നത്.

ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിലെ നിയമനം

180 [1656] ശ്രീ. രാജു എബ്രാഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിൻ കീഴിൽ ആകെ എത്ര ആശുപത്രികളും ഡിസ്പെൻസറികളും അവയിൽ എത്ര ഫാർമസിസ്റ്റുകളുടെ തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റുകളുടെ റാങ്ക്ലിസ്റ്റ് എന്നാണ് നിലവിൽവന്നത്;

LIBRARY ARCHIVES Kerala Legislative Assembly